# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 02 | 2022 |
|---|---|



## ശബരിമല പത്രക്കുറിപ്പ്–1


ഫോൺ : 04735-202664

www.sabarimala.kerala.gov.in prdsabarimala2021@gmail.com


### കോവിഡ് പ്രോട്ടോകോൾ ലംഘനം: 25 തൊഴിലാളികൾക്കെതിരെ നടപടി

കോവിഡ് പ്രോട്ടോകോൾ പാലിക്കാതെ കച്ചവട സ്ഥാപനങ്ങളിൽ ജോലി ചെയ്ത തൊഴിലാളികൾക്കെതിരെ നടപടിയെടുത്തു. ഡ്യൂട്ടി മജിസ്ട്രേറ്റ് കെ. ഗോപിനാഥിന്റെയും എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് കെ. ഹരീഷിന്റെയും നേതൃത്വത്തിൽ മരകൂട്ടം, ചരൽമേട്, സന്നിധാനം എന്നിവിടങ്ങളിൽ നടത്തിയ പരിശോധനയിലാണ് മാസ്ക് ധരിക്കാതെ ജോലി ചെയ്ത 25 പേർക്കെതിരെ നടപടിയെടുത്തത്. തൊഴിലാളികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ കച്ചവട സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നതായി പരാതി ലഭിച്ചതിനെ തുടർന്നാണ് സ്ക്വാഡ് പരിശോധന നടത്തിയത്. സ്ഥാപന ഉടമകൾക്കും സംഘം താക്കീത് നൽകി. പരിശോധന വരും ദിവസങ്ങളിലും തുടരുമെന്നും നിയമലംഘനം ക ത്തിയാൽ കർശന നടപടി സ്വീകരിക്കുമെന്നും ഡ്യൂട്ടി മജിസ്ട്രേറ്റ് അറിയിച്ചു.

### മകരവിളക്ക് – ഹൈ ലെവൽ മീറ്റിംഗ് തിങ്കളാഴ്ച്ച

മകരവിളക്ക് തീർത്ഥാടനത്തോട് അനുബന്ധിച്ചുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനുള്ള ശബരിമല സന്നിധാനത്തെ ഹൈ ലെവൽ മീറ്റിംഗ് തിങ്കളാഴ്ച്ച ( 03.01.2022 ) രാവിലെ 11 ന് സന്നിധാനം

അഡ്മിനിസ്ട്രേറ്റീവ് ബിൽ സിംഗ് ഹാളിൽ നടക്കും. യോഗത്തിൽ മുഴുവൻ വകുപ്പ് പ്രതിനിധികളും പങ്കെടുക്കും.

## സംഗീത സാന്ദ്രമായി ശബരിമല; ഗാനാർച്ചനയുമായി ഗായക സംഘം

ദർശനപുണ്യം തേടി ശബരിമലയിലെത്തിയ അയ്യപ്പഭക്തരുടെ മനം നിറച്ച് വിവിധ ഗായക സംഘങ്ങളുടെ സംഗീതാർച്ചന. തിരുവനന്തപുരം ഉള്ളൂർ ശ്രീബാല സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം ഭജന സംഘമായ മുരുക വിലാസം ഭജന സംഘവും ശബരിമല ഹൈകോർട്ട് ഓഡിറ്റ് വിഭാഗം ജീവനക്കാരനായ ലതീഷുമാണ് തിരു സന്നിധിയെ സംഗീത സാന്ദ്രമാക്കിയത്. പുണ്യം പൂങ്കാവനം പദ്ധതിയുടെ ഭാഗമായിട്ടാണ് മുരുക വിലാസം ഭജന സംഘം ശബരിമലയിലെത്തിയത്. പോലീസ് ഉദ്യോഗസ്ഥൻ കൂടിയായ എ.വി. സന്തോഷ് കുമാർ ഭജന സംഘത്തെ നയിച്ചു. അധ്യാപകനായ പി.വി. പ്രദീപ് കുമാർ, ദീപു (ഹാർമോണിയം), മുരളീധരൻ ( തബല), രാജേഷ് കുമാർ, ബാലമുരുകൻ,ദേവയാനി എന്നിവരും ഗാനാർച്ചനയിൽ പങ്കെടുത്തു. ഞായറാഴ്ച്ച വൈകീട്ട് 7 ന് പമ്പ ഗണപതി ക്ഷേത്രം ആഡിറ്റോറിയത്തിലും സംഘം ഭജന അവതരിപ്പിക്കും.

സന്നിധാനത്തെ ഹൈകോടതി ഓഡിറ്റ് ഡ്യൂട്ടിയുടെ ഭാഗമായി പത്ത് ദിവസത്തെ ഓഡിറ്റ് ക്യാമ്പിനെത്തിയ വേളയിലാണ് ഓഡിറ്റ് വിഭാഗം ജീവനക്കാരനായ ലതീഷ് അയ്യന് കാണിക്കയായി ഗാനാർച്ചന നടത്തിയത്. കേരള സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിലെ സീനിയർ ഗ്രേഡ് ഓഡിറ്ററാണ് പി. ലതീഷ്. മലയാളം, തമിഴ്, കന്നഡ, തെലുങ്ക് ഭാഷകളിലെ പ്രസിദ്ധമായ ഭക്തിഗാനങ്ങൾ കോർത്തിണക്കിയ ഗാനാവതരണം ഒരു മണിക്കൂറോളം നീ ു. സ്വാതി തിരുനാൾ സംഗീത കോളേജിലെ പൂർ വ വിദ്യാർത്ഥി കൂടിയായ ലതീഷ് കേരളത്തിനകത്തും പുറത്തും നിരവധി വേദികളിൽ സംഗീത പരിപാടികൾ അവതരിപ്പിച്ചിട്ടു ്. ശബരീശ സന്നിധിയിൽ പാടാനുള്ള ഏറെ നാളത്തെ മോഹം പൂവണിയാൻ ഓഡിറ്റ് ഓഫീസർ ബി. ലിജിലാലിന്റെ പിന്തുണയും ലതീഷിന് ലഭിച്ചു.

## ശബരിമലയിലെ നാളത്തെ (03.01.2022) ചടങ്ങുകൾ

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... പതിവ് അഭിഷേകം

4.30 മുതൽ 11മണി വരെ നെയ്യഭിഷേകം
4.30 ന് ...ഗണപതി ഹോമം
7.30 ന് ഉഷപൂജ
9.00 ന് അഷ്ടാഭിഷേകം
11.30 ന്   കലശാഭിഷേകം
തുടർന്ന് കളഭാഭിഷേകം
12 .15 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ന് .....ദീപാരാധന
6.45 ന്... പടിപൂജ
7.30 ന് പുഷ്പാഭിഷേകം
9 മണിക്ക് ....അത്താഴപൂജ
10.50 ന്   ഹരിവരാസനം സങ്കീർത്തനം പാടി 11 മണിക്ക്   ശ്രീകോവിൽ നട അടയ്ക്കും.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.